മനോരമ

# മനുഷ്യക്കടത്തിനെതിരെ പഞ്ചായത്ത്; പദ്ധതിക്കു പുതുപ്പരിയാരത്ത് തുടക്കം

പുതുപ്പരിയാരം ● കോവിഡ്കാല ദുരിതം മനുഷ്യക്കടത്തുസംഘങ്ങൾ ചൂഷണം ചെയ്യാനുള്ള സാധ്യതയ്ക്കെതിരെയുള്ള പഞ്ചായത്ത് തല ക്യാംപെയ്നിന്റെ സംസ്ഥാനതല പരിപാടിക്ക് പുതുപ്പരിയാരം പഞ്ചായത്തിൽ തുടക്കമായി.

ആഭ്യന്തരമന്ത്രാലയത്തിന്റെ സഹായത്തോടെ ഇന്ത്യൻ പൊലീസ് ഫൗണ്ടേഷൻ, ഇരകൾക്കു വേണ്ടി പ്രവർത്തിക്കുന്ന 'വിശ്വാസ്' എന്നിവ സംയുക്തമായാണു ക്യാംപെയ്ൻ നടത്തുന്നത്. മനുഷ്യക്കടത്തിനെതിരെ പഞ്ചായത്തുകൾ എന്ന പേരിലുള്ള പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് കെ.എ. പ്രസന്ന ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി പ്രദേശത്തെ മുഴുവൻ കുട്ടികൾ, കാണാതായ കുട്ടികൾ, അതിഥിത്തൊഴിലാളികൾ എന്നിവരെക്കുറിച്ചു സ്ത്രീകളുടെയും കുട്ടികളുടെയും വകുപ്പ്, ചൈൽഡ് ലൈൻ, അകത്തേത്തറ നന്മ, ധോണി ലീഡ് കോളജ് തുടങ്ങിയവരുടെ സഹായത്തോടെ സർവേ നടത്തും.

ഉദ്ഘാടനത്തിൽ ഇന്ത്യൻ പൊലീസ് ഫൗണ്ടേഷൻ ചെയർമാൻ എൻ.രാമചന്ദ്രൻ അധ്യക്ഷനായി. യുഎൻ മനുഷ്യക്കടത്ത് വിരുദ്ധ സെൽ നോഡൽ ഓഫിസറും മുൻ ഡിജിപിയുമായ ഡോ.പി.എം.നായർ പദ്ധതി വിശദീകരിച്ചു.

മനുഷ്യക്കടത്തു സംഘങ്ങൾ സജീവമാകാനുള്ള സ്ഥിതിവിശേഷമാണു രാജ്യത്തുള്ളതെന്നും അതിനെതിരെ താഴേത്തട്ടിലുള്ള ചെറുത്തുനിൽപാണു ഫലപ്രദമെന്നും അദ്ദേഹം പറഞ്ഞു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ശോഭന, സെക്രട്ടറി ആർ.ടി.കലാറാണി, അസിസ്റ്റന്റ് സെക്രട്ടറി കെ.ജ്യോതി, ജില്ലാ ശിശുക്ഷേമസമിതി അംഗം അപർണാ നായർ, സാമൂഹികനീതി ബോർഡ് കൗൺസിലർ എ.മധു, ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ ബിജോ ബേബി, വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, വൈസ് പ്രസിഡന്റ് എസ്.ശാന്താദേവി, ട്രഷറർ ബി.ജയരാജ്, ദീപാ ജയപ്രകാശ്, എൻ.രാഖി, ഡിവൈഎസ്പി പി.ശശികുമാർ, അസിസ്റ്റന്റ് കലക്ടർ ധർമലശ്രീ, എഎസ്പി വിഷ്ണു പ്രദീപ്, ലീഡ് കോളജ് ചെയർമാൻ ഡോ.തോമസ് ജോർജ്, വനിതാശിശു വികസനവകുപ്പ് ജില്ലാ ഓഫിസർ പി.മീര, അസിസ്റ്റന്റ് ലേബർ ഓഫിസർ എം.സുരേഷ്, പുതുപ്പരിയാരം വായനശാല ഭാരവാഹികളായ കെ.ജയകുമാർ, എം.ഭവദാസ് എന്നിവർ പ്രസംഗിച്ചു.